# അഴുത ബ്ലോക്ക് പഞ്ചായത്ത്

പീരുമേട്, പീരുമേട്.പി.ഒ, ഇടുക്കി - 685531

ഫോൺ : 04869 232059, 233059
website : www.lsgkerala.gov.in/azhuthablock
email : azhuthabdo@gmail.com

# ബഡ്ജറ്റ്

## 2026 -27

ബഡ്ജറ്റ് അവതരണം : ശ്രീ.ജോൺ പി തോമസ്
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ,
അഴുത ബ്ലോക്ക് പഞ്ചായത്ത്

# ആമുഖം



ബഹുമാന്യരെ,

അഴുത ബ്ലോക്ക് പഞ്ചായത്തിൽ ഈ ഭരണസമിതി നിലവിൽ വന്നതിനു ശേഷമുള്ള ഒന്നാമത്തെ ബജറ്റ് ആണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉല്പാദന, ദാരിദ്ര്യ ലഘൂകരണ മേഖലകൾക്കും പ്രാധാന്യം നൽകി തന്നെയാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഉല്പാദന-സേവന-പശ്ചാത്തല മേഖലകളിൽ മുൻഗണനാർഹമായ വിഭവ വിതരണം അനിവാര്യമാണ്. കാര്യക്ഷമവും നീതിപൂർവ്വവുമായ വിഭവ വിനിയോഗത്തിലൂടെ സമഗ്ര വികസനം കൈവരിക്കുക എന്നതാണ് ഈ ഭരണസമിതിയുടെ ലക്ഷ്യം. വികസന പ്രവർത്തനങ്ങളിലും ഫണ്ട് വിനിയോഗത്തിലും അഴുത ബ്ലോക്ക് പഞ്ചായത്ത് സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്ത് ആയി മാറും എന്ന് ഞങ്ങൾ ഉറപ്പ് നൽകുന്നു.

കാര്യക്ഷമമായ വിഭവ വിനിയോഗത്തിലൂടെ എല്ലാ മേഖലകളിലും പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ള കരട് ബഡ്ജറ്റിന് അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ബഹു.എം.പി, എം.എൽ.എ തുടങ്ങി ഏവരുടേയും സഹകരണവും പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട് ഈ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**ശ്രീമതി. ബിന്ദു സന്തോഷ് പണിക്കർ**
പ്രസിഡന്റ്
അഴുത ബ്ലോക്ക് പഞ്ചായത്ത്

പീരുമേട്.
04/03/2026

# ബഡ്ജറ്റ് അവതരണം



ബഹുമാന്യയായ അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്ഥിരം സമിതി അദ്ധ്യക്ഷർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ, മാധ്യമ സുഹൃത്തുക്കളെ, സഹപ്രവർത്തകരെ..........

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം എന്നിൽ നിക്ഷിപ്തമായ ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കൽ എന്ന ഉത്തരവാദിത്വം ഹൃദയപൂർവ്വം ഏറ്റെടുത്ത് സന്തോഷത്തോടെയും അഭിമാനത്തോടെയും ഈ മഹനീയ സഭയ്ക്ക് മുമ്പാകെ 2026-2027 വർഷത്തെ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

അഴുത ബ്ലോക്ക് പഞ്ചായത്തിൽ ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. തനത് വരുമാനം, പൊതു ആവശ്യ ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതി വിഹിതങ്ങൾ, ശുചിത്വമിഷൻ ഗ്രാന്റ്, ബഹു.എം.പി, എം.എൽ.എ എന്നിവരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉൾപ്പെടെ 86,48,90,249/- രൂപ (എൺപത്തി ആറ് കോടി നാല്പത്തി എട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി നാല്പത്തി ഒൻപത് രൂപ) പ്രതീക്ഷിത വരുമാനവും, ഉല്പാദന - സേവന - പശ്ചാത്തല മേഖലകളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതികൾ ഏറ്റെടുത്തും, അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വികസന പദ്ധതികളും ഭരണ ചെലവുകളും ഉൾപ്പെടെ 86,35,85,249/- രൂപ (എൺപത്തി ആറ് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി എൺപത്തി അയ്യായിത്തി ഇരുന്നൂറ്റി നാല്പത്തി ഒൻപത് രൂപ) പ്രതീക്ഷിത ചെലവും 13,05,000/- രൂപ (പതിമൂന്ന് മൂന്ന് ലക്ഷത്തി അയ്യായിരം രൂപ) നീക്കി ഇരിപ്പും പ്രതീക്ഷിച്ച് കൊണ്ടാണ് 2026-2027 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

**ജോൺ പി തോമസ്**
വൈസ് പ്രസിഡന്റ് &
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

04.03.2026
പീരുമേട്

**2026-27 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ബഡ്ജറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ വിഹിതം, മെയിന്റിനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ താഴെപ്പറയും പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് വേണ്ടി വകയിരുത്തുന്നു.**

**1. ജനറൽ പർപ്പസ് ഫണ്ട്/ തനത് ഫണ്ട്**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ പ്രതിമാസ ഹോണറേറിയം, സിറ്റിംഗ് ഫീ, യാത്രാപ്പടി, ഓഫീസ് വാഹനങ്ങളുടെ പരിപാലനം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, സ്റ്റേഷണറി, റിഫ്രഷ്മെന്റ്, പരിശീലനങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനം, മറ്റ് അത്യാവശ്യ ചെലവുകൾക്കായി ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 97,80,000/- (തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എൺപതിനായിരം) രൂപ വകയിരുത്തുന്നു.

**2. വികസന ഫണ്ട്**

പൊതു വിഭാഗത്തിൽ സാധാരണ വിഹിതമായി പ്രതീക്ഷിക്കുന്ന 6,37,25,000/- (ആറ് കോടി മുപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയും, പട്ടികജാതി വിഭാഗത്തിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം പ്രതീക്ഷിക്കുന്ന 4,01,63,000/- (നാല് കോടി ഒരു ലക്ഷത്തി അറുപത്തി മൂവായിരം) രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം പ്രതീക്ഷിക്കുന്ന 28,95,000/- (ഇരുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപയും ഉൾപ്പെടെ വികസന ഫണ്ടിനത്തിൽ ആകെ പ്രതീക്ഷിക്കുന്ന 10,67,83,000/- (പത്ത് കോടി അറുപത്തി ഏഴ് ലക്ഷത്തി എൺപത്തി മൂവായിരം) രൂപ മേഖല വിഭജനത്തിന് അനുസൃതമായി വിവിധ പദ്ധതികൾക്കായി വകയിരുത്തുന്നു.

**2.1 ഉല്പാദന മേഖല**

ഉല്പാദന മേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി കുറഞ്ഞത് 1,40,77,500/- (ഒരു കോടി നാല്പത് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്നു.

## 2.2 വനിതാ ഘടക പദ്ധതി

വനിതകളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് കുറഞ്ഞത് 89,98,300/- (എൺപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ്) രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്നു.

## 2.3 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർക്കുള്ള പദ്ധതി

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമത്തിനായി കുറഞ്ഞത് 44,99,150/- (നാല്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി നൂറ്റി അൻപത്) രൂപ വികസന ഫണ്ടിൽ വകയിരുത്തുന്നു.

## 2.4 വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി

വയോജനക്ഷേമത്തിനായി കുറഞ്ഞത് 44,99,150/- (നാല്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി നൂറ്റി അൻപത്) രൂപ വികസന ഫണ്ടിൽ വകയിരുത്തുന്നു.

## 2.5 പാർപ്പിട മേഖല

പാർപ്പിട മേഖലയിൽ പി.എം.എ.വൈ ഭവനനിർമ്മാണ പദ്ധതിക്കായി പൊതു വിഭാഗം വികസന ഫണ്ടിൽ കുറഞ്ഞത് 1,68,00,000/- (ഒരു കോടി അറുപത്തി എട്ട് ലക്ഷം) രൂപയും, പട്ടികജാതി വിഭാഗത്തിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം കുറഞ്ഞത് 48,00,000/- (നാല്പത്തി എട്ട് ലക്ഷം0 രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം കുറഞ്ഞത് 9,90,000/- (ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയും വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്നു.

## 2.6 പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ വിവിധ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽ പരമാവധി 1,27,00,000/- (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷം) രൂപയും, പട്ടികജാതി വിഭാഗത്തിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം പരമാവധി 1,20,00,000/- (ഒരു കോടി ഇരുപത് ലക്ഷം) രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ പരമാവധി 8,68,500/- (എട്ട് ലക്ഷത്തി അറുപത്തി എട്ടായിരത്തി അഞ്ഞൂറ്) രൂപയും വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്നു.

## 3. <u>ധനകാര്യ കമ്മീഷൻ വിഹിതം</u>

### 3.1 അടിസ്ഥാന വിഹിതം

16-ാം ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതമായി പ്രതീക്ഷിക്കുന്ന 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം) രൂപ പശ്ചാത്തല മേഖലയിൽ വിവിധ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് വകയിരുത്തുന്നു

### 3.2 പ്രത്യേക ഉദ്ദശ്യഗ്രാന്റ്

**ശുചിത്വം മാലിന്യ സംസ്കരണം, ജലസംരക്ഷണം**

16-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി പ്രതീക്ഷിക്കുന്ന 3,00,00,000/- (മൂന്ന് കോടി) രൂപയിൽ, ശുചിത്വം മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം) രൂപ വകയിരുത്തുന്നു.

**കുടിവെള്ളം**

16-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി പ്രതീക്ഷിക്കുന്ന 3,00,00,000/- (മൂന്ന് കോടി) രൂപയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം) രൂപ വകയിരുത്തുന്നു.

## 4. <u>മെയിന്റിനൻസ് ഫണ്ട് റോഡിതരം</u>

ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ പരിപാലനത്തിനും, ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തന ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവത്കരണത്തിനും അത് വഴി പൊതുജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് റോഡിതര മെയിന്റിനൻസ് ഫണ്ടിൽ നിന്നും 1,67,95,000/- (ഒരു കോടി അറുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ വകയിരുത്തുന്നു.

അഴുത ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2026 -27

# പ്രതീക്ഷിത വരവുകൾ

| ക്രമ നം | വരവ് ഇനം | തുക |
|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | **6,37,25,000** |
| 2 | വികസന ഫണ്ട് (പട്ടികജാതി വിഭാഗം) | **4,01,63,000** |
| 3 | വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | **28,95,000** |
| 4 | മെയിന്റിനൻസ് ഗ്രാന്റ് (നോൺ റോഡ്) | **1,67,98,000** |
| 5 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ബേസിക്ക് ഗ്രാന്റ്) | **1,50,00,000** |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ടൈഡ് ഗ്രാന്റ്) | **3,00,00,000** |
| 7 | ജനറൽ പർപ്പസ് ഗ്രാന്റ് | **97,80,000** |
| 8 | പി.എം.എ.വൈ കേന്ദ്ര വിഹിതം (ജനറൽ) | **7,20,00,000** |
| 9 | പി.എം.എ.വൈ കേന്ദ്ര വിഹിതം (പട്ടികജാതി വിഭാഗം) | **50,00,000** |
| 10 | പി.എം.എ.വൈ കേന്ദ്ര വിഹിതം (പട്ടികവർഗ്ഗ വിഭാഗം) | **10,00,000** |
| 11 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | **4,20,00,000** |
| 12 | പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | **5,88,00,000** |
| 13 | സംയുക്ത പ്രോജക്ട് ജില്ലാ വിഹിതം | **2,00,00,000** |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | **34,69,83,947** |
| 15 | സ്വച്ഛത് ഭാരത് മിഷൻ ഫണ്ട് | **65,00,000** |
| 16 | യുവജനക്ഷേമ വകുപ്പ് ഫണ്ട് | **2,00,000** |
| 17 | ഫീസ്, യൂസർ ചാർജ്ജ് | **50,000** |
| 18 | ടെർ ഫോറം, സ്ക്രാപ്പ് വിൽപ്പന വിഹിതം | **10,00,000** |
| 19 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | **10,00,000** |
| 20 | മറ്റ് വരവുകൾ | **90,000** |
| 21 | വാടക | **43,50,000** |
| 22 | എം.പി ലാഡ്സ് | **5,00,00,000** |
| 23 | എം.എൽ.എ ഫണ്ട് | **2,00,00,000** |
| 24 | ഇ.എം.ഡി, സെക്യൂരിറ്റി ഡോപ്പോസിറ്റ്, റീടെൻഷൻ | **20,00,000** |
| | **തൻ വർഷത്തെ പ്രതീക്ഷിത വരവ്** | **80,93,34,947** |
| | **മുൻ ബാക്കി** | **5,55,55,302** |
| | **ആകെ പ്രതീക്ഷിത വരവ്** | **86,48,90,249** |

അഴുത ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2026 -27

# പ്രതീക്ഷിത ചെലവുകൾ

| ക്രമ നം | ചെലവ് ഇനം | ഫണ്ട് വിവരം | തുക |
|---|---|---|---|
| 1 | പൊതുവിഭാഗം പദ്ധതി ചെലവുകൾ | Development Fund - GL | **6,37,25,000** |
| 2 | പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള പദ്ധതി ചെലവുകൾ | Development Fund - SCP | **4,01,63,000** |
| 3 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള ചെലവുകൾ | Development Fund - TSP | **28,95,000** |
| 4 | ബ്ലോക്ക് ഓഫീസ്, ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പുനരുദ്ധാരണ പരിപാലന ചെലവുകൾ | Maintenance Grant Non-Road | **1,67,98,000** |
| 5 | ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലെ പദ്ധതി ചെലവുകൾ | CFC Basic Grant | **1,50,00,000** |
| 6 | ശുചിത്വം മാലിന്യ സംസ്കരണം, ജലസംരക്ഷണം, കുടിവെള്ളം എന്നീ മേഖലകളിലെ പദ്ധതി ചെലവുകൾ | CFC Tied Grant | **3,00,00,000** |
| 7 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ) | PMAY.GL Central Share | **7,20,00,000** |
| 8 | പി.എം.എ.വൈ ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) | PMAY.SC - Central Share | **50,00,000** |
| 9 | പി.എം.എ.വൈ ഭവന നിർമ്മാണം (പട്ടികവർഗ്ഗ വിഭാഗം) | PMAY.ST - Central Share | **10,00,000** |
| 10 | പി.എം.എ.വൈ ഭവന നിർമ്മാണം | Grama Panchayat Share | **4,20,00,000** |
| 11 | പി.എം.എ.വൈ ഭവന നിർമ്മാണം | District Panchayat Share | **5,88,00,000** |
| 12 | ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വ മേഖലകളിലെ പദ്ധതി ചെലവുകൾ | SBM Grameen Fund | **65,00,000** |
| 13 | ജില്ലാ സംയുക്ത പ്രോജക്ട് പ്രകാരമുള്ള ചെലവുകൾ | District Panchayat Share | **2,00,00,000** |
| 14 | മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എസ് ഭരണ നിർവ്വഹണ ചെലവുകൾ | MGNREGS Admin Fund | **20,00,000** |
| 15 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് വേതനം | MGNREGS Fund | **34,49,83,947** |
| 16 | വിവിധ നിർമ്മാണ പ്രവർത്തികൾക്കുള്ള ചെലവുകൾ | M.P Fund | **5,00,00,000** |
| 17 | വിവിധ നിർമ്മാണ പ്രവർത്തികൾക്കുള്ള ചെലവുകൾ | MLA Fund | **2,00,00,000** |

| ക്രമ നം | ചെലവ് ഇനം | ഫണ്ട് വിവരം | തുക |
|---|---|---|---|
| 18 | കേരളോത്സവം ചെലവുകൾ | State Fund | **2,00,000** |
| 19 | ഐ.കെ.എം വിഹിതം | General Purpose Fund/ Own Fund | **50,000** |
| 20 | താത്കാലിക ജീവനക്കാർക്കുള്ള ശമ്പളം | General Purpose Fund/ Own Fund | **5,00,000** |
| 21 | ഫെസ്റ്റിവൽ അലവൻസ് | General Purpose Fund/ Own Fund | **2,00,000** |
| 22 | യാത്രാബത്ത - സെക്രട്ടറി | General Purpose Fund/ Own Fund | **1,00,000** |
| 23 | യാത്രാ അലവൻസുകൾ - സ്ഥിരം ജീവനക്കാർ | General Purpose Fund/ Own Fund | **2,00,000** |
| 24 | യാത്രാ അലവൻസുകൾ - താൽക്കാലിക ജീവനക്കാർ | General Purpose Fund/ Own Fund | **50,000** |
| 25 | മുൻകാല ചെലവുകൾ | General Purpose Fund/ Own Fund | **1,00,000** |
| 26 | ടെലിഫോൺ അലവൻസ് - സെക്രട്ടറി | General Purpose Fund/ Own Fund | **25,000** |
| 27 | കണ്ടിജൻസി ചെലവ് - പ്രതിഫലം | General Purpose Fund/ Own Fund | **50,000** |
| 28 | കണ്ണട അലവൻസ് | General Purpose Fund/ Own Fund | **15,000** |
| 29 | മറ്റ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | General Purpose Fund/ Own Fund | **1,00,000** |
| 30 | പത്ര പരസ്യ നിരക്കുകൾ | General Purpose Fund/ Own Fund | **50,000** |
| 31 | പ്രതിമാസ ഓണറേറിയവും സിറ്റിംഗ് അലവൻസും | General Purpose Fund/ Own Fund | **25,00,000** |
| 32 | പ്രിൻറിംഗ് & സ്റ്റേഷനറി | General Purpose Fund/ Own Fund | **1,00,000** |
| 33 | പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ യാത്രാ ചെലവ് | General Purpose Fund/ Own Fund | **1,00,000** |

| ക്രമ നം | ചെലവ് ഇനം | ഫണ്ട് വിവരം | തുക |
|---|---|---|---|
| 34 | ടെലിഫോൺ അലവൻസ് - പ്രസിഡന്റ് | General Purpose Fund/ Own Fund | **10,000** |
| 35 | തപാൽ ചെലവുകൾ | General Purpose Fund/ Own Fund | **25,000** |
| 36 | ഓഫീസ് വൈദ്യുതി ചെലവുകൾ | General Purpose Fund/ Own Fund | **50,000** |
| 37 | മറ്റ് ഓഫീസ് പരിപാലന ചെലവുകൾ | General Purpose Fund/ Own Fund | **2,00,000** |
| 38 | ടെലിഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | General Purpose Fund/ Own Fund | **50,000** |
| 39 | ഇൻഷുറൻസ് | General Purpose Fund/ Own Fund | **50,000** |
| 40 | എൽബിയിലെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജുകൾ | General Purpose Fund/ Own Fund | **25,000** |
| 41 | വാഹന വാടക നിരക്കുകൾ | General Purpose Fund/ Own Fund | **50,000** |
| 42 | അറ്റകുറ്റപ്പണികളും പരിപാലനവും - വാഹനങ്ങൾ | General Purpose Fund/ Own Fund | **5,00,000** |
| 43 | അറ്റകുറ്റപ്പണികളും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | General Purpose Fund/ Own Fund | **1,00,000** |
| 44 | റിഫ്രഷ്മെൻറ് ചാർജുകൾ | General Purpose Fund/ Own Fund | **5,00,000** |
| 45 | വാഹന നികുതി | General Purpose Fund/ Own Fund | **50,000** |
| 46 | സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവനകളും | General Purpose Fund/ Own Fund | **2,50,000** |
| 47 | മറ്റ് പ്രവർത്തന, പരിപാലന ചെലവുകൾ | General Purpose Fund/ Own Fund | **1,00,000** |
| 48 | അധിക - സാധാരണ ചെലവുകൾ | General Purpose Fund/ Own Fund | **50,000** |
| 49 | യൂണിഫോം അലവൻസ് | General Purpose Fund/ Own Fund | **5,000** |

| ക്രമ നം | ചെലവ് ഇനം | ഫണ്ട് വിവരം | തുക |
|---|---|---|---|
| 50 | ശമ്പളം - കരാർ ജീവനക്കാർ | General Purpose Fund/ Own Fund | **9,00,000** |
| 51 | ബോണസ് | General Purpose Fund/ Own Fund | **1,00,000** |
| 52 | കൂലി | General Purpose Fund/ Own Fund | **2,00,000** |
| 53 | പുസ്തകങ്ങളും ആനുകാലികങ്ങളും | General Purpose Fund/ Own Fund | **50,000** |
| 54 | ടെലിഫോൺ അലവൻസ് - വൈസ് പ്രസിഡന്റ് | General Purpose Fund/ Own Fund | **10,000** |
| 55 | പ്രൊഫഷണലും മറ്റ് ഫീസുകളും | General Purpose Fund/ Own Fund | **50,000** |
| 56 | ഇന്ധന ചാർജുകൾ | General Purpose Fund/ Own Fund | **8,00,000** |
| 57 | ഏണസ്റ്റ് മണി ഡെപ്പോസിറ്റ് | General Purpose Fund/ Own Fund | **5,00,000** |
| 58 | നിലനിർത്തൽ | General Purpose Fund/ Own Fund | **10,00,000** |
| 59 | നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ആനുകൂല്യങ്ങൾ | General Purpose Fund/ Own Fund | **5,00,000** |
| 60 | സുരക്ഷാ നിക്ഷേപം | General Purpose Fund/ Own Fund | **5,00,000** |
| 61 | മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ് - അഡ്വാൻസ് | General Purpose Fund/ Own Fund | **12,00,000** |
| 62 | ബ്ലോക്ക് പഞ്ചായത്ത് നിയമിക്കുന്ന ഡോക്ടർ പാരമെഡിക്കൽ ജീവനക്കാരുടെ വേതനം, മറ്റ് വിവിധ പദ്ധതികൾ | General Purpose Fund/ Own Fund | **50,00,000** |
| 63 | വിവിധ പദ്ധതികളിലെ മുൻ ബാദ്ധ്യത | | **5,55,55,302** |
| | **തൻ വർഷത്തെ പ്രതീക്ഷിത ചെലവ്** | | **86,35,85,249** |
| | **നീക്കിയിരിപ്പ്** | | **13,05,000** |

**ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് സമഗ്രവും സർവ്വതല സ്പർശിയുമായിട്ട് തയ്യാറാക്കിയിട്ടുള്ള 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സജീവ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും, അംഗീകാരത്തിനുമായി ഞാൻ നിങ്ങളുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു.**

**നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സഹകരിക്കുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, മറ്റ് സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച സെക്രട്ടറി, ഉദ്യോഗസ്ഥർ എന്നിവരോടുള്ള ഹൃദയംഗമമായ നന്ദി ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.**

സ്നേഹത്തോടെ,

**ജോൺ പി തോമസ്**
വൈസ് പ്രസിഡന്റ്
&
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
അഴുത ബ്ലോക്ക് പഞ്ചായത്ത്

